# Desabhimani

## 21 August 2018

## Kochi; Paravoor, After Flood, (C.I.D.U) Office Relief Center

Postal Registration No. KL/EKM/701/2016-18 CHN

# അപർണയ്ക്കും കൈക്കുഞ്ഞിനും ആശ്രയമായി ചെത്തുതൊഴിലാളി യൂണിയൻ ഓഫീസ്



അപർണയും കുഞ്ഞും പറവൂർ താലൂക്ക് ചെത്തുതൊഴിലാളി യൂണിയൻ ഓഫീസിൽ

**കൊച്ചി**

പറവൂർ താലൂക്ക് ചെത്തുതൊഴിലാളി യൂണിയൻ (സിഐടിയു) ഓഫീസായ ടി ഐ സർവൻ സ്മാരക മന്ദിരത്തിന്റെ രണ്ടാംനിലയിൽനിന്ന് ഇടയ്ക്കിടെ പിഞ്ചുകുഞ്ഞിന്റെ കരച്ചിൽ കേൾക്കാം. പിന്നെ, താരാട്ടുപാട്ടും. ചേന്ദമംഗലം കണ്ണങ്ങനാട്ട് സഞ്ജിത്തിന്റെ മകൾ അപർണയും കഴിഞ്ഞദിവസം ജനിച്ച മകളും ഇപ്പോൾ ഇവിടെയാണ് താമസം. വെള്ളപ്പൊക്കത്തിൽ വീടു മുഴുവൻ മുങ്ങിയപ്പോൾ അപർണയ്ക്കും കുഞ്ഞിനും ആശ്രയമാവുകയായിരുന്നു ടി ഐ സർവൻ മന്ദിരവും യൂണിയൻ പ്രവർത്തകരും.

പറവൂരിലെ സ്വകാര്യ ആശുപത്രിയിൽ കഴിഞ്ഞദിവസമാണ് അപർണ പെൺകുഞ്ഞിനു ജന്മം നൽകിയത്. ആശുപത്രിയിൽനിന്ന് പോകേണ്ട സമയമായപ്പോഴും വീടുമുങ്ങിയ വിവരം സഞ്ജിത് മകൾ അപർണയോട് പറഞ്ഞില്ല. മകളെയും കുഞ്ഞിനെയും ആശുപത്രിയിലിരുത്തി പറവൂരിലുള്ള ദുരിതാശ്വാസക്യാമ്പുകളിലേക്കാണ് സഞ്ജിത് പോയത്. ദിവസങ്ങൾമാത്രം പ്രായമുള്ള കുഞ്ഞിനും അമ്മയ്ക്കും തങ്ങാനുള്ള സൗകര്യം സ്കൂളുകളിലില്ലെന്ന് മനസ്സിലാക്കി എന്തുചെയ്യണമെന്നറിയാതെ നിൽക്കുമ്പോഴാണ് ദുരിതാശ്വാസക്യാമ്പ് സന്ദർശിക്കാനെത്തിയ സിപിഐ എം ജില്ലാ സെക്രട്ടറി സി എൻ മോഹനനെ സഞ്ജിത് കണ്ടത്. പരിചയമില്ലെങ്കിലും അദ്ദേഹത്തിനെ കണ്ട് കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ ഒറ്റഫോണിൽ തനിക്കും കുടുംബത്തിനുമുള്ള മുറി ഒരുങ്ങിയതായി സഞ്ജിത് പറയുന്നു. ചെത്തുതൊഴിലാളി യൂണിയൻ ഓഫീസിലേക്ക് പോകാനും സി എൻ മോഹനൻ നിർദേശിച്ചു. അവിടെ എത്തുമ്പോൾ ഓഫീസ് സെക്രട്ടറി വി എൻ ജോഷി അടക്കമുള്ളവർ തങ്ങളെ സ്വീകരിക്കാൻ കാത്തുനിൽക്കുകയായിരുന്നു. മുകൾനിലയിലെ വലിയ മുറിയിൽ മകൾക്കും കുഞ്ഞിനും തന്റെ ഭാര്യ ഷെൽവിക്കും എല്ലാ സൗകര്യങ്ങളും ലഭിക്കുന്നതായി സഞ്ജിത് പറയുന്നു.

"ചെത്തുതൊഴിലാളി യൂണിയൻ ഓഫീസ് എന്നുകേട്ടപ്പോൾ മദ്യവുമായി ബന്ധപ്പെട്ട എന്തോ ഒന്നാണെന്നാണ് ആദ്യം കരുതിയത്. എന്തായാലും കൈക്കുഞ്ഞുമായി കഴിഞ്ഞുകൂടാൻ സ്ഥലം വേണം. മറ്റൊന്നും ചിന്തിക്കാതെ ഇങ്ങൊട്ടെത്തി. ഇവിടെ എത്തിയപ്പോൾ എല്ലാ ആശങ്കയും മാറി. നല്ല മുറിയും എല്ലാ സൗകര്യങ്ങളും ലഭിക്കുന്നു. വീട്ടിലുള്ളതിനേക്കാൾ സൗകര്യം ഇവിടെയുണ്ട്"- അപർണ പറഞ്ഞു. അപർണയുടെ ഭർത്താവ് ശിവകുമാർ സേലത്താണ്. അപർണ പ്രസവത്തിനായാണ് വീട്ടിലെത്തിയത്. വീട്ടിൽത്തന്നെ ചെറിയ രീതിയിൽ ലൈറ്റ് ആൻഡ് സൗണ്ട് ജോലിയാണ് സഞ്ജിത്തിന്. പലപ്പോഴായി വാങ്ങിയ ഉപകരണങ്ങളെല്ലാം വെള്ളം കയറി കേടായതായി സഞ്ജിത് പറയുന്നു. ഈ വിഷമങ്ങൾക്കിടയിൽ തങ്ങൾക്ക് താങ്ങായ സഖാക്കളോടുള്ള നന്ദി പറഞ്ഞറിയിക്കാനാകില്ലെന്ന് സഞ്ജിത് പറയുന്നു.